പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 4849 | 21/10/2011 ൽ മറുപടിയ്ക്ക്

## സാമൂഹ്യക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ

**ചോദ്യം** | **ഉത്തരം**

ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ഉണ്ണിയാടൻ:

ഡോ. എം.കെ. മുനീർ :
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സാമൂഹ്യക്ഷേമവകുപ്പിന്റെ പദ്ധതികളും പരിപാടികളും കൂടുതൽ കാര്യക്ഷമവും സുതാര്യവുമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) വകുപ്പിന്റെ വിവിധ പദ്ധതികളുടെ പ്രയോജനം പരമാവധി ഗുണഭോക്താക്കളിലേക്ക് എത്തുംവിധം വ്യാപകമായ പ്രചരണം നൽകുകയും ഗുണഭോക്താക്കളെ കണ്ടെത്തി അപേക്ഷ ശേഖരിക്കുന്നതിനുള്ള ചുമതല അംഗൻവാടി പ്രവർത്തകർക്ക് നൽകുകയും ചികിത്സാ ധനസഹായം പരമാവധി രോഗികൾക്ക് എത്തിക്കുന്നതിന് കൗൺസിലർമാരുടെ സേവനം നൽകിയും പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വികലാംഗക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ ജില്ലകളിലും വികലാംഗക്ഷേമ കോർപ്പറേഷന്റെ ഓഫീസുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) അഗതികൾ, അനാഥർ, വികലാംഗർ തുടങ്ങിയവർക്ക് കൂടുതൽ സാമൂഹ്യസുരക്ഷാ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ? | (ബി) നിലവിൽ നടപ്പാക്കിവരുന്ന പദ്ധതികൾ കൂടാതെ ഇംപ്ളാന്റേഷൻ സർജറി പ്രോജക്റ്റ്, വയോജന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ , ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസി കൾക്ക് മെഡിക്കൽ പരിരക്ഷ നൽകുന്ന പദ്ധതി , ഹൃദയ ശസ് ത്രക്രിയ പദ്ധതി |

| | |
|---|---|
| | എന്നിവ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മൂന്ന് ജില്ലകളിൽ വികലാംഗപുനരധിവാസ പദ്ധതിപ്രകാരം കൂടുതൽ ക്ഷേമ പദ്ധതികൾ വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതാണ്.<br>അഗതികളുടേയും അനാഥരുടേയും ക്ഷേമ പ്രവർത്തനങ്ങൾക്കും അവർക്കുവേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് നൽകി വരുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ